കേരള സർക്കാർ
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

നം. 951951/ജെ2/16/പൊവിവ.

തിരുവനന്തപുരം.
തീയതി, 9/11/2016

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം- സ്പഷ്ടീകരണം-സംബന്ധിച്ച്.

സൂചന:
1) 01.10.2011 ലെ ജി.ഒ (പി) നമ്പർ 199/2011/പൊ.വി.വ.
2) 25.10.2011 ലെ 60930/ജെ2/2011/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
3) 06.11.2012 ലെ സർക്കുലർ നമ്പർ 58604/ജെ2/2012/പൊ.വി.വ
4) 29.01.2016 ലെ ജി.ഒ (പി) നമ്പർ 29/2016/പൊ.വി.വ
5) 01.08.2016 ലെ സർക്കുലർ നമ്പർ 631703/ജെ2/2016/പൊ.വി.വ
6) 05.08.2016 ലെ ജി.ഒ (പി) നമ്പർ 134/2016/പൊ.വി.വ.
7) 18.08.2016 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/35985/(4)/16/ഡി.പി ഐ നമ്പർ കത്ത്.

എയ്ഡഡ് സ്കൂൾ അദ്ധ്യാപക/അനദ്ധ്യാപകരുടെ സംരക്ഷണം, പുനർവിന്യാസം, നിയമനാംഗീകാരം എന്നീ വിഷയങ്ങളിൽ സൂചന (4), (6) ലെ ഉത്തരവുകൾ വഴി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ നിയമനങ്ങൾ, അവധി ഒഴിവുകളിലെ താൽക്കാലിക നിയമനങ്ങൾ, കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകളിലെ നിയമനം തുടങ്ങിയവയ്ക്ക് അംഗീകാരം നൽകൽ, കാലതാമസം മാപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ സ്പഷ്ടീകരണം ആവശ്യമാണെന്ന് സൂചന (7) ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

### 1) പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത വിഭാഗത്തിൽപ്പെട്ട സ്കൂളുകളിലെ നിയമനാംഗീകാരം

22-5-1979 നുശേഷം പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ നിയമനാംഗീകാരം സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന 28-6-2002 ലെ ജി.ഒ(പി) നമ്പർ 178/2002/പൊ.വി.വ, 1-2-2006 ലെ ജി.ഒ (പി) നമ്പർ 46/2006/പൊ.വി.വ എന്നീ ഉത്തരവുകൾക്ക് അധ്യാപക പാക്കേജ് നിലവിൽ വന്ന തീയതിയായ 1-10-2011 വരെ മാത്രമേ പ്രാബല്യമുള്ളൂവെന്ന് സൂചന (2) പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം

സ്കൂളുകളിൽ മാനേജർ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് പ്രസ്തുത അധ്യയന വർഷാരംഭം (1-6-2011) മുതൽ അധ്യാപക പാക്കേജ് വഴി അംഗീകാരം നൽകാനും നിർദേശിച്ചിരുന്നു. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സൂചന (1) ലെ ഉത്തരവ് പ്രകാരമുള്ള അധ്യാപക പാക്കേജ് പിൻവലിച്ചെങ്കിലും ഇത്തരം സ്കൂളുകളിലെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിരുന്നില്ല. സൂചന (4) ലെ ഉത്തരവിലൂടെയാണ് ഇത്തരം സ്കൂളുകളിൽ 2016-17 മുതലുള്ള ഒഴിവുകൾ സംരക്ഷിതാധ്യാപകരെ ഉപയോഗിച്ച് നികത്തണം എന്ന നിബന്ധന എർപ്പെടുത്തിയത്. ആയതിനാൽ പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ സൂചന (4)ലെ ഉത്തരവ് പ്രകാരമുള്ള തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക ലഭ്യമാണെങ്കിലും നിയമിക്കപ്പെട്ടവർ മറ്റ് വിധത്തിൽ യോഗ്യരാണെങ്കിലും 2011-12 മുതൽ 2015-16 വരെ അധിക തസ്തികകൾ ഉൾപ്പെടെയുള്ള ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ അവിടെ ഒരു സംരക്ഷിതാധ്യാപകനെയെങ്കിലും നിയമിച്ചിരിക്കണം തുടങ്ങിയ വ്യവസ്ഥകൾ പരിഗണിക്കേണ്ടതില്ല. എന്നാൽ ഇത്തരം സ്കൂളുകളിൽ ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ള സംരക്ഷിതാധ്യാപകർ അതേപടി തുടരുന്നതാണ്. 2016-17 മുതൽ ഉണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെ ഉപയോഗിച്ച് നികത്തേണ്ടതാണ്.

## 2) അവധി ഒഴിവുകളിലെ നിയമനാംഗീകാരം

കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം XXI, ചട്ടം 7 പ്രകാരം അദ്ധ്യാപക ബാങ്കിലുള്ള സംരക്ഷിതാദ്ധ്യാപകരെ ഉപയോഗിച്ചാണ് 16-8-2014 മുതലുള്ള അവധി ഒഴിവുകളിൽ നിയമനം നടത്തേണ്ടത്. എന്നാൽ സൂചന (4) ലെ ഉത്തരവ് പ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ തസ്തിക നിർണ്ണയ നടപടികൾ 2016 ഏപ്രിൽ മാസത്തോടെയാണ് പൂർത്തിയായത്. ഇക്കാരണത്താൽ സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റായ "അദ്ധ്യാപക ബാങ്ക്" രൂപവത്കരിക്കാൻ 2014-15, 2015-16 വർഷങ്ങളിൽ കഴിഞ്ഞിരുന്നില്ല. ആയതിനാൽ 2011-12 മുതൽ 2015-16 വരെ അവധി ഒഴിവുകളിൽ മാനേജർമാർ നിയമിച്ചവർക്ക് താഴെപ്പറയും പ്രകാരം നിയമാനുസൃതം അംഗീകാരം നല്കാവുന്നതാണ്.

i. ഒരു അക്കാദമിക വർഷത്തിൽ കുറവുള്ള ഒഴിവുകളിലെ നിയമനങ്ങൾ ദിനവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിക്കാവൂ.
ii. 2011-12 വർഷം നിയമിക്കപ്പെട്ടവർക്ക് 1:45 അധ്യാപക -വിദ്യാർത്ഥി അനുപാതത്തിൽ തസ്തിക ലഭ്യമാണെങ്കിൽ അംഗീകാരം നൽകേണ്ടതാണ്. 2012-13 മുതൽ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ 1:30, 6 മുതൽ 8 വരെ ക്ലാസ്സുകളിൽ 1:35, 9,10 ക്ലാസ്സുകളിൽ 1:45 അനുപാതത്തിൽ തസ്തിക ലഭ്യമാകുന്നുവെങ്കിൽ അംഗീകാരം നൽകാം.
iii. 29-1-2016 മുതൽ നടത്തിയിട്ടുള്ള 3 മാസം വരെയുള്ള അവധി ഒഴിവുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ പാടില്ല.
iv. 3 മാസത്തിൽ കൂടുതലുള്ള എല്ലാ അവധി ഒഴിവുകളും 2016-17 വർഷം മുതൽ സംരക്ഷിത ജീവനക്കാരെ ഉപയോഗിച്ച് നികത്തേണ്ടതാണ്.

## 3) നിയമനാംഗീകാര പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കൽ.

സൂചന (4) ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക II(2), II(3) എന്നിവ പ്രകാരമുള്ള നിയമന പ്രൊപ്പോസലുകൾ യഥാസമയം അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ലെങ്കിൽ പ്രസ്തുത കാലതാമസം മാപ്പാക്കി നൽകില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇക്കാര്യം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. 29-1-2016 ന് മുമ്പ് നിയമനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും, കാലതാമസം മൂലം അത്

നിരസിക്കപ്പെട്ടുകയും, യഥാസമയം അപ്പീൽ ഹർജി നൽകുകയും ചെയ്ത കേസുകളിൽ അവയുടെ നിജസ്ഥിതി പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥരും,, പൊതുവിദ്യാഭ്യാസ ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാരും അടങ്ങിയ ഒരു പരിശോധനാസമിതി പരിശോധിച്ച് നിയമാനുസൃതം കാലതാമസം മാപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സൂചന (4) ലെ ഖണ്ഡിക II(2), II(3) എന്നിവ പ്രകാരമുള്ള നിയമനാംഗീകാരം സംബന്ധിച്ച പ്രൊപ്പോസൽ 29-1-2016 നുശേഷം ലഭിച്ചതാണെങ്കിൽ, അവയിൽ കാലതാമസം മാപ്പാക്കി നൽകുന്നതല്ല.

**4) മതിയായ എണ്ണം കുട്ടികളില്ലാത്ത (അനാദായകരമായ) സ്കൂളുകളിലെ നിയമനാംഗീകാരം**

ക്ലാസ് ശരാശരി 15 ൽ കുറവായ കുട്ടികളുള്ള സ്കൂളുകളിലെ നിയമനങ്ങൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നല്കാവുന്നതാണ്. എന്നാൽ ക്ലാസ് ശരാശരി 15 ൽ കൂടുതൽ ഉണ്ടെങ്കിൽ സൂചന (3),(6) സർക്കുലറുകളിലെ വ്യവസ്ഥകൾ പ്രകാരം നിയമനാംഗീകാരം നല്കേണ്ടതാണ്. ഒരേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിൽ നിന്ന് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളിലെ അംഗീകൃത ഒഴിവുകളിലേക്ക് നിയമാനുസൃതം സ്ഥലം മാറ്റം നടത്താം. എന്നാൽ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളിൽ നിന്ന്, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിലേക്കുള്ള പ്രൊമോഷൻ മൂലമല്ലാതെയുള്ള സ്ഥലംമാറ്റങ്ങൾ അനുവദനീയമല്ല. 2011-12 മുതൽ 2015-16 വരെ ഇത്തരം സ്കൂളുകളിൽ ട്രാൻസ്ഫറുകളിലൂടെയും പ്രൊമോഷനുകളിലൂടെയും നിയമിക്കപ്പെട്ടവരുടെ നിയമനം അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ അംഗീകരിക്കാവുന്നതാണ്.

**ബി. ശ്രീനിവാസ്, ഐഎഎസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), തിരുവനന്തപുരം
ഡയറക്ടർ, ഐ റ്റി @ സ്കൂൾ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ